## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

വിശ്വസിക്കുവാൻ കഴിയാതെപോയ തോമസ്സ്, കർത്താവ് ജീവിക്കുന്നു എന്നു വിശ്വസിപ്പാൻ തയ്യാറാകാതെ തന്റെ അവിശ്വാസത്തിൽ തന്നെ ഉറച്ചുനിന്നപ്പോൾ, ബാക്കിയുള്ള ശിഷ്യന്മാർ മതി എന്ന് സമാധാനിച്ചിരിക്കാതെ അവനുവേണ്ടി മാത്രമായി ശിഷ്യന്മാരുടെ മദ്ധ്യേ വീണ്ടും പ്രത്യക്ഷനായി. അവനെ പേർചൊല്ലി വിളിച്ചു അവനെ വീണ്ടെടുത്ത് യഥാസ്ഥാനത്തു പുനഃസ്ഥാപിച്ചതായി നാം അറിയാം. അവന്റെ സ്നേഹം എത്ര വലിയത്. അവൻ ചതഞ്ഞ ഓടയെ ഒടിക്കുകയോ പുകയുന്ന തിരിയെ കെടുത്തുകയോ ചെയ്യുന്നില്ല. സ്നേഹിതാ, നാം ഈ അവസ്ഥയിൽ ക്ഷീണിച്ച് തളർന്ന്, വീണ അവസ്ഥയിൽ, ഇനിയും ആശയ്ക്കു മാർഗ്ഗമില്ല എന്ന ചിന്തയിൽ കഴിയുകയാണോ. ഭയപ്പെടേണ്ട, നമ്മെ സ്നേഹിക്കുന്ന ഒരു ഇടയനുണ്ട്. അവൻ നമ്മെ വീണ്ടെടുത്ത് പുനഃസ്ഥാപിക്കുവാൻ നമ്മുടെ അടുക്കലേക്കു വരുന്നു. എഴുന്നേൽക്കുക, അവന്റെ അടുത്തേക്ക് ചെല്ലുക. അവന്റെ സ്നേഹത്തെ കാണുക. വികാരവായ്പോടെ അവന്റെ പാദാന്തികെ വീഴുക. അവൻ നമ്മെ പുനഃസ്ഥാപിക്കും. അവൻ നമ്മെ പ്രാണനെ തണുപ്പിക്കും. നിന്റെ ആത്മാവ് ഉള്ളിൽ വിഷാദിച്ച് വീണുകിടക്കുന്നതെന്ത്. തുടർന്ന് ഒരു വിലയേറിയ ആഹ്വാനവും, ദൈവത്തിൽ പ്രത്യാശവയ്ക്കുക. ദൈവത്തെ സ്തുതിക്കുക. ഈ വിധം വീണു കിടക്കുന്ന അനുഭവം ഒരു ദൈവപൈതലിന് ഉണ്ടാകുക തീരെ അസ്വാഭിവകമാണ് എന്ന് ചിന്തിക്കുവാൻ നമുക്കിടയാകരുത്. അങ്ങനെ ചിന്തിക്കുവാനിടയായാൽ ആ രംഗത്തെയും കൂടെ സാത്താൻ ശക്തിയായി ചൂഷണം ചെയ്യുവാൻ ഇടയാകും എന്ന വസ്തുത നാം ഓർത്തുകൊള്ളേണ്ടതാണ്. ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം നമ്മെ അലട്ടുകയും വേദനപ്പെടുത്തുകയും ചെയ്യുന്ന അനേക കാര്യങ്ങൾ ഉണ്ടായി എന്നു വരാം. അത് ആവശ്യമില്ലാത്ത കാര്യമാണെങ്കിലും അത് അതിൽ തന്നെ ഒരു പാപമല്ല. വീഴുമ്പോൾ തന്നെ, ദൈവവചനം ഓർത്തുകൊണ്ട് യഹോവയിലുള്ള പ്രത്യാശ പുതുക്കി എഴുന്നേററ് ദൈവത്തെ സ്തുതിക്കുകയാണ് വേണ്ടത്. അങ്ങനെയായാൽ, ആ വീഴ്ച നമ്മെ തകർക്കുകയില്ല. എന്നാൽ വീണ സ്ഥാനത്തു തന്നെ കിടക്കുവാനാണ് ശ്രമമെങ്കിൽ അത് പാപമാണെന്നു മാത്രമല്ല, നാശത്തിന് അത് കാരണമാകുന്നു. ഏതെങ്കിലും ഒരു ബലഹീനതയുണ്ടാകുമ്പോൾ, അതോടെ എല്ലാം അവസാനിച്ചുവെന്നും ഇനിയും പ്രത്യാശയ്ക്കു വകയില്ലെന്നും ചിലർ വിചാരിക്കുന്നു. അവിടെ സാത്താൻ ആ ചിന്തയെ ശക്തിപ്പെടുത്തുവാൻ ഇടയാകുകയും ആ വീഴ്ച നാശത്തിന് കാരണമായിത്തീരുകയും ചെയ്യും. എന്നാൽ സാത്താൻ കള്ളനാണെന്ന് ഓർക്കുക. ഏതുവിധവും നമ്മളെ നശിപ്പിക്കണമെന്നുള്ളതാണ് അവന്റെ ലക്ഷ്യം. അവന് നാം ഒരിക്കലും ചെവി കൊടുക്കരുത്. നേരെ മറിച്ച് അപ്പോൾ നമ്മുടെ നല്ല ഇടയനായ യേശുവിന്റെ ശബ്ദം ശ്രദ്ധിക്കണം.

തുടരും...